# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2011 11/06//2018-ലെ മറുപടി**

**<u>അപ്പർ ഭവാനിയിൽ തമിഴ്‌നാട് രഹസ്യമായി നിർമ്മിക്കുന്ന തുരങ്കം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഭവാനി പുഴയുടെ ഉത്ഭവ സ്ഥാനത്തിന് സമീപം അപ്പർ ഭവാനിയിൽ തമിഴ്‌നാട് രഹസ്യമായി തുരങ്കം നിർമ്മിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഭവാനി പുഴയുടെ ഉത്ഭവ സ്ഥാനത്തിന് സമീപം അപ്പർ ഭവാനിയിൽ തമിഴ്‌നാട് തുരങ്കം നിർമ്മിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി)ഈ തുരങ്കം പൂർത്തിയാകുന്നതോടു കൂടി ഭവാനിയിൽ നിന്ന് കേരളത്തിലേയ്ക്കുള്ള നീരൊഴുക്ക് ഇല്ലാതാകുമെന്നും സൈലന്റ് വാലിയും അട്ടപ്പാടിയും വരണ്ട് ഉണങ്ങുമെന്നുമുള്ള റിപ്പോർട്ട് വസ്തുതാപരമാണോ;<br><br>സി) നദിയുടെ സ്വാഭാവിക പ്രവാഹം തടഞ്ഞു കൊണ്ടുള്ള നിർമ്മാണം സംസ്ഥാന സർക്കാർ തമിഴ്‌നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ; എങ്കിൽ അവരുടെ പ്രതികരണം എന്താണ് എന്ന് അറിയിക്കുമോ ? | ബി) & സി) | പ്രസ്തുത വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു മുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ , തമിഴ്‌നാട് നിലവിലുള്ള കുണ്ട ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായി ഒരു ടണലാണ് നിർമ്മിക്കുന്നതെന്നും , പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഭവാനിയുടെ കേരളത്തിലെ നീരൊഴുക്കിനെ ബാധിക്കുകയില്ല എന്നും പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിലുള്ള നിജസ്ഥിതി നേരിട്ട് മനസ്സിലാക്കി, റിപ്പോർട്ട് സമർപ്പിക്കുന്നതിനായി , ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് തമിഴ്‌നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

80